ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19.06.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1). ഇന്ത്യയുടെ വൈജ്ഞാനിക പാരമ്പര്യത്തിൻറെയും, സാംസ്കാരിക സഹകരണത്തിൻറെയും പ്രതീകമാണ് നളന്ദ സർവകലാശാലയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Nalanda is a symbol of India's academic heritage and vibrant cultural exchange, says Prime Minister Narendra Modi while inaugurating the new campus of Nalanda University in Rajgir, Bihar.**

2). കുവൈറ്റ് ദുരന്തത്തിൽ കേരള നിയമസഭ അനുശോചനം രേഖപ്പെടുത്തി. തലശ്ശേരി ബോംബ് സ്ഫോടന വിഷയത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

**Kerala Assembly paid tributes to those who loss their lives in Kuwait fire tragedy. Assembly witnessed Opposition walks out in Thalassery bomb blast issue.**

3). റേഡിയോ എന്ന ശ്രവണ മാധ്യമത്തിന്റെ സാധ്യതകൾ ലോകത്തിനു മുന്നിലെത്തിച്ച വ്യക്തിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

**Prime Minister Narendra Modi unveiled the possibilities of Radio to the world through his Mann Ki Baat, said MoS Suresh Gopi in Thiruvananthapuram.**

4). അസമിലും, അരുണാചൽ പ്രദേശിലും കനത്ത മഴയിൽ വ്യാപക നാശനഷ്ടം.

**Heavy rainfall caused widespread damages across Assam and Aruṇachal Pradesh .**

5). ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ **EIGHT** മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ മത്സരം അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിൽ.

**Twenty-20 Cricket World Cup Super Eight matches will start today. America will take on South Africa in the first match.**

************************************************************

**PM NALANDA VISIT (INTRO)**

ഇന്ത്യയുടെ വൈജ്ഞാനിക പാരമ്പര്യത്തിന്റെയും, സാംസ്കാരിക സഹകരണത്തിന്റെയും പ്രതീകമാണ് നളന്ദ സർവകലാശാലയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബിഹാറിലെ രാജഗിരിയിൽ നളന്ദ സർവകലാശാലയുടെ പുതിയ ക്യാമ്പസിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു പ്രധാന മന്ത്രി. പ്രധാനമന്ത്രിയായി മൂന്നാം തവണയും സത്യപ്രതിജ്ഞ ചെയ്ത് 10 ദിവസങ്ങൾക്കുള്ളിൽ നളന്ദ സന്ദർശിക്കാൻ അവസരം ലഭിച്ചതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നളന്ദ സർവകലാശാല, ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രതീകം എന്നതിലുപരി ആഗോള സാംസ്കാരിക പാരമ്പര്യത്തിന്റെ മാതൃകയായാണ് നിലകൊള്ളുന്നത്. അഗ്നിക്ക് പുസ്തകങ്ങൾ ദഹിപ്പിക്കാൻ കഴിയുമെങ്കിലും, അതിനുള്ളിലെ അറിവിനെ നശിപ്പിക്കാൻ കഴിയില്ലെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി.

**(HOLD VOICE PM..........)**

വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, 17 രാജ്യങ്ങളിലെ പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. 450 ഏക്കറിൽ സ്ഥിതി ചെയ്യുന്ന

സർവകലാശാലാ ക്യാമ്പസ്, പരിസ്ഥിതി സംരക്ഷണത്തിലൂന്നി, ഹരിത കാമ്പസായാണ് നിർമിച്ചിരിക്കുന്നത്.

*************************************************************

## NIYAMASABHA – KUWAIT

കുവൈറ്റ് തീപിടുത്ത ദുരന്തത്തിൽ കേരള നിയമസഭ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബാംഗങ്ങളുടെയും, സുഹൃത്തുക്കളുടെയും ദുഖത്തിൽ പങ്കുചേരുന്നതായും, പരുക്കേറ്റവരെ ആശ്വസിപ്പിക്കുന്നതായും സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. അങ്ങേയറ്റം ദുഃഖകരമായ സംഭവമാണ് കുവൈറ്റിൽ ഉണ്ടായതെന്നും, മരണപ്പെട്ടവരുടെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവാസജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളെ എല്ലാം അതിജീവിച്ചാണ് കുടുംബത്തിൻറെയും നാടിൻറെയും ഭാവി ശോഭനമാക്കാൻ പ്രവാസികൾ കഠിന പ്രയത്നം ചെയ്തുവരുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഫലപ്രദമായി കൈകോർത്തതായും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി. ദുരന്തത്തിലൂടെ അനാഥമാക്കപ്പെട്ട കുടുംബങ്ങളെ ചേർത്തുനിർത്താൻ എല്ലാവരും മുന്നോട്ടുവരണമെന്നും സഭാംഗങ്ങളോട് അദ്ദേഹം പറഞ്ഞു. മന്ത്രി വീണാ ജോർജിന് കുവൈറ്റിലേക്ക് യാത്രാനുമതി നൽകാതിരുന്ന കേന്ദ്രനിലപാടിൽ പ്രതിപക്ഷ നേതാവ് വിമർശനം രേഖപ്പെടുത്തി.

*************************************************************

## NIYAMASABHA – WALKOUT

തലശ്ശേരി ബോംബ് സ്ഫോടനം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. തലശ്ശേരി എരഞ്ഞോളിയിൽ സ്റ്റീൽ ബോംബ് പൊട്ടി വൃദ്ധൻ മരിച്ച സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്നും സണ്ണി ജോസഫ് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. കണ്ണൂരിൽ ബോംബ് നിർമാണത്തിന് നേതൃത്വം നൽകുന്നത് സി പി ഐ എമ്മാണെന്ന് പ്രതിപക്ഷം ആരോപിച്ചു. സംഭവത്തിൽ തെളിവ് നശിപ്പിക്കാനുള്ള ശ്രമം നടന്നതായും ശ്രീ സണ്ണി ജോസഫ് പറഞ്ഞു. സർക്കാരിൻറെയും പോലീസിൻറെയും ഒത്താശയോടു കൂടി ബോബ് നിർമ്മാണം നടക്കുകയും നിരപരാധികൾ മരിക്കുകയും ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപണം ഉന്നയിച്ചു . സംഭവത്തിൽ കേസ് എടുത്ത് ഊർജിതമായ അന്വേഷണം നടന്നു വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ മറുപടിയായി പറഞ്ഞു. കുറ്റക്കാരായ 15 പേരെയും അറസ്റ്റ് ചെയ്ത് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചതായും അദ്ദേഹം വ്യക്തമാക്കി. വെടി മരുന്ന്, ബോംബ് നിർമ്മാണം എന്നിവയ്ക്ക് എതിരെ ശക്തമായ നടപടി സ്വീകരിക്കാൻ പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട സംഭവങ്ങളെ സർക്കാർ ഗൗരവമായാണ് കാണുന്നതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതെ നോക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിക്കുകയായിരുന്നു.

*********************************************************

## MAN KI BAAT QUIZ

മൻ കി ബാത്ത് ജില്ലാതല ക്വിസ് പരിപാടിയുടെ മൂന്നാം സീസൺ മത്സരങ്ങളും വായനാദിനാചരണവും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച വിഷയങ്ങൾ രാജ്യ നിർമാണത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റേഡിയോ എന്ന ശ്രവണ മാധ്യമത്തിന്റെ സാധ്യതകൾ ലോകത്തിനു മുന്നിലെത്തിച്ച വ്യക്തിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു. ദേശീയ വായന ദിനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരുക്കിയ പ്രദർശനം കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്തു. വായന മനസിലാക്കൽ മാത്രമല്ല, സ്വാംശീകരണം കൂടിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. കേരളത്തിലെ ശ്രദ്ധിക്കപ്പെടാത്ത പല കാര്യങ്ങളും മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിച്ചതിലൂടെ ലോക ശ്രദ്ധ നേടിയതായി ശ്രീ.വി.മുരളീധരൻ പറഞ്ഞു. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ പട്ടം സെന്റ് മേരിസ് സ്കൂളിലാണ് പരിപാടി സംഘടിപ്പിച്ചത്.

*********************************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 111-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാൻ പ്രധാനമന്ത്രി

ജനങ്ങളോട് അഭ്യർത്ഥിച്ചു. MyGov ഓപ്പൺ ഫോറത്തിലോ, നമോ മൊബൈൽ ആപ്പിലോ, 1800 11 7800 എന്ന നമ്പറിലോ സന്ദേശങ്ങളും ആശയങ്ങളും അറിയിക്കാം.

************************************************************

## PM-YOGA VIDEO

ജൂൺ-21 അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ശശാങ്കാസനത്തിൻറെ വീഡിയോ സമൂഹമാധ്യമത്തിൽ പങ്കുവച്ചു. നടുവേദന, മലബന്ധം എന്നിവയ്ക്ക് ആശ്വാസം ലഭിക്കാനും, മാനസിക സമ്മർദ്ദം കുറയ്ക്കാനും ശശാങ്കാസനം നല്ലതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ ഉയർന്ന രക്ത സമ്മർദ്ദം, സന്ധിവാതം എന്നിവയുള്ളവർ ശശാങ്കാസനം ഒഴിവാക്കേണ്ടതാണ്.

************************************************************

## DELHI WATER CRISIS

രാജ്യ തലസ്ഥാനമായ ഡൽഹിയിൽ ജലപ്രതിസന്ധി രൂക്ഷമായി തുടരുന്നു. നഗരത്തിലുടനീളം, വാട്ടർ ടാങ്കർ വിതരണ കേന്ദ്രങ്ങളിൽ ജനങ്ങളുടെ നീണ്ട നിരയാണ് കാണപ്പെടുന്നത് . സംഗം വിഹാർ,വസന്ത് വിഹാർ, ചാണക്യപുരി, ഉത്തം നഗർ, മോത്തി നഗർ, തുടങ്ങി നിരവധി പ്രദേശങ്ങൾ ജലക്ഷാമത്തിൽ വലയുകയാണ്. ജലപ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് വ്യാപക പ്രതിഷേധങ്ങളും നടക്കുന്നുണ്ട് . അതേസമയം, രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായി ഹരിയാനയിലെ ബിജെപി സർക്കാർ ഡൽഹിയിലെ ജലവിതരണം തടസ്സപ്പെടുത്തുകയാണെന്ന് ഡൽഹി സർക്കാർ ആരോപിച്ചു.

************************************************************

## ASSAM-FLOODS

അസമിൽ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ 15 ജില്ലകളിലെ ഒരു ലക്ഷത്തി അറുപതിനായിരത്തിലധികം ജനങ്ങൾ ദുരിതത്തിലായി. കരിംഗഞ്ജ് ജില്ലയിൽ ഇന്നലെ രാത്രിയുണ്ടായ മണ്ണിടിച്ചിലിൽ അഞ്ച് പേർ കൊല്ലപ്പെട്ടു. ജില്ലയിലെ എല്ലാ സ്കൂളുകൾക്കും ഇന്നും നാളെയും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ഗുവാഹത്തി നഗരത്തിൽ പലയിടത്തും വെള്ളക്കെട്ട് രൂക്ഷമാണ്. പ്രളയബാധിത ജില്ലകളിൽ റോഡ് ഗതാഗതം പൂർണമായും തടസ്സപ്പെട്ട നിലയിലാണ്.

*************************************************************

## ARUNACHAL RAIN

അരുണാചൽ പ്രദേശിൽ മഴ ശക്തമായ തുടരുന്നു. കിഴക്കൻ കാമെങ്,പാപ്പും പാരെ, ദിബാങ് എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. കാർസിങ്സ പ്രദേശത്ത് മിന്നൽ പ്രളയത്തെ തുടർന്ന് ദേശീയപാതയുടെ ഒരു ഭാഗം ഒലിച്ചു പോയതോടെ ഗതാഗതം പൂർണമായും തടസപ്പെട്ടു. റോഡ് പൂർവസ്ഥിതിയിലാകുന്നത് വരെ ദേശീയപാതയിൽ നിർജുലി മുതൽ ബന്ദർദേവ വരെയുള്ള പ്രദേശം അടച്ചിടാൻ ഇറ്റാനഗർ ജില്ലാ ഭരണകൂടം ഉത്തരവിട്ടു.

*************************************************************

## KERALA RAIN

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ നാളെ മുതൽ ശനിയാഴ്ച വരെ കേരള തീരത്തും മറ്റന്നാൾ മുതൽ

കർണാടക - ലക്ഷദ്വീപ് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

************************************************************

**TWENTY -20**

ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി എട്ട് മണിക്ക്, അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം. നാളെ നടക്കുന്ന മത്സരങ്ങളിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെയും, ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെയും നേരിടും. ഈ റൗണ്ടിലെ എല്ലാ മത്സരങ്ങളും വെസ്റ്റ് ഇൻഡീസിലാണ് നടക്കുക. ഈ മാസം 29-ന് ബാർബഡോസിലാണ് ട്വൻറി-20 ലോകകപ്പ് ഫൈനൽ.

************************************************************

**WOMENS CRICKET- 2ND ODI**

ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30 നാണ് മത്സരം ആരംഭിക്കുക. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ 143 റൺസിന് പരാജയപ്പെടുത്തിയിരുന്നു . ഏകദിന പരമ്പരയിലെ അവസാന മത്സരം ഈ മാസം 23-ന് നടക്കും.

************************************************************

**HAJJ PILGRIMAGE**

ഹജ്ജ് തീർത്ഥാടനത്തിന് ഈ വർഷം എത്തിയ 550- തിലേറെ തീർഥാടകർക്ക് കനത്ത ഉഷ്ണതരംഗത്തെ തുടർന്ന് മക്കയിൽ വച്ച് ജീവൻ നഷ്ടമായതായി ഔദ്യോഗിക കണക്കുകൾ. താപനില അൻപത് ഡിഗ്രി സെൽഷ്യസ് കടന്നതാണ് മരണ സംഖ്യ ഉയരാൻ കാരണം. മരിച്ചതിൽ 320 ഓളം പേർ ഈജിപ്റ്റ് പൗരന്മാരാണ്.

അറുപതോളം ജോർദാൻ പൗരന്മാർ മരിച്ചെന്നാണ് റിപ്പോർട്ട്. മരണ സംഖ്യ ഇനിയും ഉയരാനാണ് സാധ്യത.

*************************************************************

*******************************

************